**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2041** | **30-07-2021 - ൽ മറുപടിയ്ക്ക്**

**ഭവനനിർമ്മാണ പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ലൈഫ് മിഷൻ പദ്ധതി പ്രകാരം എസ്.ടി. വിഭാഗക്കാർക്ക് 6 ലക്ഷം രൂപ ഭവന നിർമ്മാണത്തിന് നൽകിവരുന്നത് പോലെ പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.ടി. വിഭാഗത്തിൽപ്പെടുന്നവർക്ക് വീട് വയ്ക്കുന്നതിന് അനുവദിക്കുന്ന തുക 6 ലക്ഷമായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | 2018-ലെ പ്രളയക്കെടുതിയിൽ വയനാട് ജില്ലയിൽ വീടും സ്ഥലവും നഷ്ടപ്പെട്ട പട്ടികവർഗ്ഗക്കാരിൽ വീട് നിർമ്മാണത്തിന് അർഹരായിട്ടുള്ള 190 ഗുണഭോക്താക്കൾക്ക് ദുരന്ത നിവാരണ വകുപ്പിന്റെ ഫണ്ടിൽ നിന്നും അനുവദിക്കുന്ന 4 ലക്ഷം രൂപയ്ക്ക് പുറമെ രണ്ട് ലക്ഷം രൂപ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജനറൽ ഹൗസിംഗ് ശീർഷകത്തിൽ 2019-20 വർഷം വകയിരുത്തിയ തുകയിൽ നിന്നും കണ്ടെത്തി അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഇപ്രകാരം പ്രളയക്കെടുതിയിൽ വീട് നഷ്ടപ്പെട്ട, സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗക്കാർക്കും ദുരന്ത നിവാരണ വകുപ്പിന്റെ ഫണ്ടിൽ നിന്നും അനുവദിക്കുന്ന 4 ലക്ഷം രൂപയ്ക്ക് പുറമെ രണ്ട് ലക്ഷം രൂപ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജനറൽ ഹൗസിംഗ് ശീർഷകത്തിൽ നിന്നും അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) | പ്രസ്തുത പാക്കേജ് പ്രകാരം പാലക്കാട് ജില്ലയിൽ ലഭിച്ച അപേക്ഷകളുടെ കണക്ക് വ്യക്തമാക്കാമോ? | (ബി) | 195 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ